(11) ഭവന നിർമ്മാണ വായ്പ.

(12) ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ.

(എഫ്) 14.8.1998 മുതൽ താഴെ കാണുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു.

1. മരണാനന്തര ധനസഹായം 10,000 രൂപയിൽ നിന്നും 15,000 രൂപയായി വർദ്ധിപ്പിച്ചു.

2. ജോലിക്കിടയിൽ അപകട മരണം സംഭവിക്കുന്നവർക്കുള്ള ധനസഹായം 10,000/- രൂപയിൽനിന്നും 50,000/- രൂപയായി വർദ്ധിപ്പിച്ചു.

(ജി) ഉണ്ട്. അപകടമരണത്തിന് ആശ്രിതർക്ക് 50,000 രൂപ ധനസഹായം നൽകിവരുന്നുണ്ട്.

(എച്ച്) ഉണ്ട്. പ്രസ്തുത ധനസഹായം 50,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

15 (*45) ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം.എ. തോമസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ ശുദ്ധജല പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇപ്പോൾ നിർമ്മാണത്തിലുള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് ഉന്നതതല കമ്മിറ്റിക്ക് രൂപം നൽകുമോ;

(ഡി) നിർമ്മാണത്തിലുള്ള പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജല അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന 119 പ്രധാന പദ്ധതികൾ ഇപ്പോൾ സംസ്ഥാനത്തുണ്ട്. ജല അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഭൂജല വകുപ്പ് എന്നിവയുടെ സംയുക്തസംരംഭത്തോടെ 2000 മാണ്ടോടെ എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതി സർക്കാർ അംഗീകരിച്ച് നടപ്പിലാക്കിവരികയാണ്. അതനുസരിച്ച് വാട്ടർ അതോറിറ്റി 1998-99 മുതൽ മൂന്നു വർഷങ്ങളിലായി 128 പദ്ധതികൾ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരളാ വാട്ടർ അതോറിറ്റി ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(1) പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിൽ വരുന്ന കാല താമസം

(2) പൈപ്പുകൾ യഥാക്രമം ലഭ്യമാക്കാൻ സാധിക്കാതെ വരിക

(3) ടെണ്ടറുകൾ ഉറപ്പിക്കാൻ നേരിടുന്ന കാലതാമസം.

(4) സ്റ്റാഫിന്റെ അപര്യാപ്തത

(5) ഫണ്ട് ലഭ്യമാക്കുന്നതിലുള്ള വിഷമങ്ങൾ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി താഴെപ്പറയുന്ന നടപടികൾ എടുത്തുവരുന്നു.

(1) സാംമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം സ്ഥലമെടുത്തു നൽകാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് സഹായമായി ഒരു റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് ആവശ്യമുള്ള പഞ്ചായത്തുകൾക്ക് സ്ഥലം വാങ്ങാനുള്ള പണം വാട്ടർ അതോറിറ്റി വായ്പയായി നൽകും.

കൂടാതെ സ്ഥലമെടുപ്പ് നടപടിക്രമത്തിൽ ഉള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥൻമാർ, പഞ്ചായത്ത് അധികൃതർ തുടങ്ങിയവരുമായി ഇറിഗേഷൻ സെക്രട്ടറി സംസ്ഥാനതലത്തിൽ പല പ്രാവശ്യം യോഗങ്ങൾ വിളിച്ചുകൂട്ടി കാര്യങ്ങൾ അവലോകനം ചെയ്യുക.

സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തുന്നതിനായി ലാന്റ് അക്വിസിഷൻ ആക്ട് നാഷണൽ ഹൈവേ ഡിപ്പോർട്ടുമെന്റിന് സ്ഥലമെടുക്കുന്നതിനുള്ള ആക്ടിന്റെ മാതൃകയിൽ മാറ്റം വരുത്തുവാനുള്ള നടപടിയും എടുത്തുവരുന്നു.

(2) പൈപ്പുകൾ വാങ്ങുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് റേറ്റ് കോൺട്രാക്ട് സിസ്റ്റം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള സമ്പ്രദായ പ്രകാരം ആവശ്യമനുസരിച്ച് പൈപ്പ് വാങ്ങാൻ സാധിക്കാത്തതുകൊണ്ടാണിത്. കൂടാതെ പർച്ചേസ് കോൺട്രാക്ടിനുള്ള വാട്ടർ അതോറിറ്റിയുടെ അധികാരപരിധി ഒരു കോടി രൂപയിൽനിന്നും 5 കോടി രൂപയായി വർദ്ധിപ്പിക്കാനുള്ള നടപടിയും പരിഗണിച്ചുവരുന്നു. ഇതുമൂലം ടെണ്ടറുകൾ ഉറപ്പിക്കാനുള്ള കാലതാമസം ഗണ്യമായി കുറയുന്നതാണ്. ഒരു വർഷത്തെ ആവശ്യത്തിന്റെ 15% പൈപ്പുകൾ ബഫർ സ്റ്റോക്കായി സൂക്ഷിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(3) ഏതെങ്കിലും ഒരു കോൺട്രാക്ടർ വരുത്തുന്ന വീഴ്ച പദ്ധതിയെ മൊത്തമായി ബാധിക്കുമെന്നതിനാൽ എല്ലാ ഘടകങ്ങളും ഒരുമിച്ച് പരിചയസമ്പന്നതയുള്ള ഒരു കോൺട്രാക്ടറെ ഏൽപ്പിക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്ന ഇ.പി.സി.എം കോൺട്രാക്ട് സമ്പ്രദായം 3 കോടി രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് വരുന്ന പദ്ധതികൾക്ക് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(4) സ്റ്റാഫിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന് പ്രത്യേകിച്ച് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 150-ാം ഒഴിവുകൾ വേഗം നികത്തുന്നതിന് പി. എസ്. സി. യിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്.

(5) രണ്ടായിരാമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് വളരെയേറെ മൂലധനം സ്വരൂപിച്ചാൽ മാത്രമേ സാധിക്കുകയുള്ളു. 400 കോടി രൂപ ബോണ്ടുകളിലൂടെയും 75 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ ബാങ്ക് വായ്പയിലൂടെയും സമാഹരിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. ഇതിന് ആവശ്യമായ അധികാരവും, ഗ്യാരന്റിയും ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 102 പ്രധാന പദ്ധതികൾ പൂർത്തിയായി. പ്രസ്തുത പദ്ധതികളുടെ വിവരം അനുബന്ധം(1) ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) രണ്ടായിരാമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം എന്ന പരിപാടിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പ്രധാന പദ്ധതികളുടെ പേരും ഇപ്പോഴത്തെ സ്ഥിതിയും അനുബന്ധം-2-ൽ ചേർത്തിരിക്കുന്നു. 97 ത്വരിത ഗ്രാമീണശുദ്ധജല വിതരണപദ്ധതികളും 3 ത്വരിത നഗരശുദ്ധജലവിതരണപദ്ധതികളും 5 ടെക്നോളജി മിഷൻ പദ്ധതികളും 89 എൽ. ഐ. സി/ഹഡ്കോ പദ്ധതികളും ഇപ്പോൾ വിവിധ ഘട്ടങ്ങളിൽ നിർമ്മാണത്തിലാണ്. കൂടാതെ ഒ.ഇ.സി.എഫ്. ജപ്പാന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 5 പദ്ധതികൾക്ക് കൺസൾട്ടൻസി കോൺട്രാക്ട് ഏർപ്പെടുത്തുന്നതിനുള്ള നടപടികളും എടുത്തുവരുന്നു. തിരുവനന്തപുരം ശുദ്ധജലവിപുലീകരണ പദ്ധതി, മീനാട്ടും സമീപ വില്ലേജുകൾക്കും ഉള്ള പദ്ധതി, ചേർത്തലക്കും സമീപ വില്ലേജുകൾക്കും ഉള്ള പദ്ധതി, പട്ടുവത്തും സമീപ വില്ലേജുകൾക്കും (കണ്ണൂർ ജില്ല) കോഴിക്കോട് സിറ്റിക്കും സമീപ വില്ലേജുകളും ഉൾപ്പെടുന്ന പദ്ധതി എന്നിവയാണ് ഒ.ഇ.സി. എഫ്-ന്റെ സഹായത്തോടെ നടപ്പിലാക്കുന്നത്. ഈ 5 പദ്ധതികൾക്കുമായി മൊത്തം 1787.45 കോടി രൂപ മതിപ്പുചെലവ് കണക്കാക്കുന്നു. 2003-ാം മാണ്ടോടുകൂടി ഇവ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

16 (*46) ദേശീയ സഹകരണ വികസന കോർപ്പറേഷൻ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :

ശ്രീ. സി.പി ബാലൻ വൈദ്യർ :

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ വികസന കോർപ്പറേഷൻ എന്തൊക്കെ വികസന പദ്ധതികളാണ് കഴിഞ്ഞ മൂന്ന് വർഷമായി നടപ്പാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വികസന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത വികസന പദ്ധതികൾ നടത്തി വരുന്നതെന്ന് വെളിപ്പെടുത്തുമോ:

(ഡി) നടപ്പു സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ദേശീയ സഹകരണ വികസന കോർപ്പറേഷൻ വഴി പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) എന്തു തുകയുടെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly